# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 658

19.03.2013ൽ
മറുപടിക്ക്

### കിനാലൂരിലെ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസന കേന്ദ്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) കിനാലൂരിലെ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസന കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) കിനാലൂരിലെ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസന കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി ചുറ്റുമതിൽ, ആന്തരിക റോഡുകൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പുതിയ 11 കെ.വി.ലൈൻ, ജലവിതരണ സംവിധാനം തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇത് കൂടാതെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി സൗജന്യമായി കൊടുക്കുന്ന 2 ഏക്കർ സ്ഥലത്ത് 110 കെ.വി. സബ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടിട്ടുണ്ട്. |
| (ബി) ഇവിടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിലനിൽക്കുന്ന പ്രധാന തടസ്സം എന്താണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; | ബി) നിലവിൽ കാര്യമായ തടസ്സങ്ങളൊന്നും ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| സി) എങ്കിൽ തടസ്സം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ